15 -ാം കേരള നിയമസഭ

11 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 432 — 11-06-2024 - ൽ മറുപടിയ്ക്ക്

## കടമെടുപ്പ് പരിധി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. പി. കെ. ബഷീർ,<br>ഡോ. എം. കെ. മുനീർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന് നടപ്പ സാമ്പത്തിക വർഷം കടമെടുക്കാനുള്ള തുക നിശ്ചയിച്ച് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ടോ; | (എ) | കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ ഓരോ വർഷവും സംസ്ഥാനത്തിന് വായ്പ പരിധി നിശ്ചയിച്ച നൽകുന്നത്. അതനുസരിച്ച് നടപ്പ് വർഷത്തെ തനി കടമെടുപ്പ് പരിധി മൊത്തം സംസ്ഥാന ആഭ്യന്തരോത്പാദനത്തിന്റെ 3 ശതമാനമാണ്. അതായത് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനമായി കേന്ദ്ര സർക്കാർ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള 12,50,401 കോടി രൂപയുടെ 3 ശതമാനമായ 37,512 കോടി രൂപയാണ് സംസ്ഥാനത്തിന്റെ നടപ്പ് വർഷത്തെ തനി കടമെടുപ്പ് പരിധി. 2023-24 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ തനി കടമെടുപ്പ് പരിധി 32,442 കോടി രൂപയായിരുന്നു. പ്രസ്തുത വർഷം 42,438 കോടി രൂപ പൊതുവിപണിയിൽ നിന്ന് കടമെടുക്കാൻ കേന്ദ്ര സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ നടപ്പ് സാമ്പത്തിക വർഷത്തെ ആദ്യ മൂന്ന് പാദത്തേക്ക് 21,253 കോടി രൂപ മാത്രമേ പൊതുവിപണിയിൽ നിന്ന് കടമെടുക്കാൻ കേന്ദ്ര സർക്കാർ ഇതുവരെ അനുമതി നൽകിയിട്ടുള്ളൂ. |
| (ബി) | എങ്കിൽ ഈ തുക മുൻവർഷങ്ങളിൽ അനുവദിച്ചിരുന്നതിനേക്കാൾ കുറവാണോ എന്നറിയിക്കുമോ; | (ബി) | കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ ഓരോ വർഷവും സംസ്ഥാനത്തിന് വായ്പ പരിധി നിശ്ചയിച്ച നൽകുന്നത്. അതനുസരിച്ച് നടപ്പ് വർഷത്തെ തനി കടമെടുപ്പ് പരിധി മൊത്തം സംസ്ഥാന ആഭ്യന്തരോത്പാദനത്തിന്റെ 3 ശതമാനമാണ്. അതായത് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനമായി കേന്ദ്ര സർക്കാർ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള 12,50,401 കോടി രൂപയുടെ 3 ശതമാനമായ 37,512 കോടി രൂപയാണ് സംസ്ഥാനത്തിന്റെ നടപ്പ് വർഷത്തെ തനി കടമെടുപ്പ് പരിധി. 2023-24 സാമ്പത്തിക വർഷത്തെ |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തിന്റെ തനി കടമെടുപ്പ് പരിധി 32,442 കോടി രൂപയായിരുന്നു. പ്രസ്തുത വർഷം 42,438 കോടി രൂപ പൊതുവിപണിയിൽ നിന്ന് കടമെടുക്കാൻ കേന്ദ്ര സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ നടപ്പ് സാമ്പത്തിക വർഷത്തെ ആദ്യ മൂന്ന് പാദത്തേക്ക് 21,253 കോടി രൂപ മാത്രമേ പൊതുവിപണിയിൽ നിന്ന് കടമെടുക്കാൻ കേന്ദ്ര സർക്കാർ ഇതുവരെ അനുമതി നൽകിയിട്ടുള്ളൂ. |
| (സി) | ഈ വർഷത്തെ വിവിധ ചെലവുകൾക്കാവശ്യമായ തുക എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്നു വിശദമാക്കുമോ? ? | (സി) | സംസ്ഥാനത്തിന്റെ തനത് നികുതി നികുതിയേതര വരുമാനം വർദ്ധിപ്പിച്ചുകൊണ്ടും സംസ്ഥാനത്തിന് അർഹതപ്പെട്ട കടമെടുപ്പ് കേന്ദ്ര നികുതി വിഹിതം എന്നിവയിൽ കൂടിയും വിഭവ സമാഹരണം നടത്തി സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുക എന്നതാണ് സർക്കരിന്റെ ലക്ഷ്യം. ഇതോടൊപ്പം അനാവശ്യ ചെലവുകൾ ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. |

സെക്ഷൻ ഓഫീസർ